പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1866 **26-10-2026-ൽ മറുപടിയ്ക്ക്**

നികുതിദായക സഹായകേന്ദ്രങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ജി. സുധാകരൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ള നികുതിദായകർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ, റിട്ടേൺ സമർപ്പിക്കൽ, നികുതി അടയ്ക്കൽ, റീഫണ്ട് തുടങ്ങിയ നടപടികൾ കൂടുതൽ ലളിതവും സുതാര്യവുമാക്കുന്നതിനായി സംസ്ഥാന ജി.എസ്.ടി.വകുപ്പിൽ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: ഉണ്ട്. സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതിദായക സേവനങ്ങളിൽ സമഗ്ര പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുമായി വകുപ്പിന്റെ രണ്ടാംഘട്ട പുന:സംഘടന ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി, 29.09.2026-ലെ സർക്കാർ ഉത്തരവ് നം. 758/2026/നികുതി പ്രകാരം ഉന്നതതല സമിതി രൂപീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. പുന:സംഘടനയുടെ ഭാഗമായി, നികുതി ചോർച്ച കണ്ടെത്തുന്നതിനും തടയുന്നതിനും നികുതിദായക സേവനം മെച്ചപ്പെടുത്തുന്നതിനുമായി ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

നിലവിൽ ജി.എസ്.ടി. നെറ്റ് വർക്ക് വികസിപ്പിച്ചെടുത്ത ജി.എസ്.ടി. ഫ്രണ്ട് ഓഫീസ് പോർട്ടൽ മുഖേനയാണ് നികുതിദായകർ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതിയടയ്ക്കൽ, റീഫണ്ട് അനുബന്ധ നടപടികൾ എന്നിവ ചെയ്യുന്നത്. അപേക്ഷാ നടപടികൾ സുഗമമായി പൂർത്തിയാക്കുന്നതിന് നികുതിദായകരെ സഹായിക്കുന്നതിനായി FAQs, യൂസർ മാന്വൽസ്, വീഡിയോ റെക്കോർഡിങ്ങുകൾ എന്നിവ പോർട്ടലിൽ ലഭ്യമാണ്. പോർട്ടലിൽ അവർക്ക് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളോ പ്രയാസങ്ങളോ നേരിട്ടാൽ, വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള സംവിധാനം നിലവിലുണ്ട്. പരാതി പരിഹാരത്തിനായി ജി.എസ്.ടി. നെറ്റ് വർക്ക് സർവീസ് സപ്പോർട്ട് ടീമിന്റെ സഹായ-സഹകരണത്തോടെ പ്രസ്തുത വിഷയം സമയബന്ധിതമായി പരിഹരിക്കുന്നു.

(ബി) നികുതിദായകരുടെ പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം വിലയിരുത്തിയിട്ടുണ്ടോ;

മറുപടി: ഉണ്ട്. നികുതിദായകരുടെ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി എല്ലാ നികുതി ജില്ലാ ആസ്ഥാനങ്ങളിലും ജി.എസ്.ടി ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നികുതിദായകർക്ക് നേരിട്ടോ ഫോൺ മുഖേനയോ സംശയങ്ങൾക്കും പരാതികൾക്കും പരിഹാരം

തേടാവുന്നതാണ്. സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി GST Common Portal മുഖേന പരാതികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന സംവിധാനവും നിലവിലുണ്ട്. അത്തരം സാങ്കേതിക പ്രശ്നങ്ങൾ GST Network ആണ് കൈകാര്യം ചെയ്യുന്നത്.

ഇവ കൂടാതെ, GST സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി, വ്യാപാരികളുടെയും, ടാക്സ് പ്രാക്ടീഷണർമാരുടെയും സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള GST Facilitation Committee മീറ്റിങ്ങുകൾ, ജില്ല ജോയിന്റ് കമ്മീഷണർമാരുടെ നേതൃത്വത്തിൽ നികുതി ജില്ലാ അടിസ്ഥാനത്തിൽ നിശ്ചിത സമയങ്ങളിൽ കൂടുന്നുമുണ്ട്. സെൻട്രൽ സ്റ്റേറ്റ് GSTഉദ്യോഗസ്ഥർ, വ്യാപാര, സേവന മേഖലയിലെ സംഘടനാ പ്രതിനിധികൾ, നികുതി പ്രാക്ടീഷനർമാരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന "Grievance Redressal Committee (GRC)" യോഗങ്ങളും നിശ്ചിത ഇടവേളകളിൽ കൂടാറുണ്ട്.

(സി) റീഫണ്ട് അപേക്ഷകളും മറ്റ് അപേക്ഷകളും തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിൽ, നിയമം അനുശാസിക്കുന്ന ഓരോ സേവനങ്ങളും നികുതിദായകർക്ക് ലഭിക്കുന്നതിന് വേണ്ടി പ്രസ്തുത നിയമത്തിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിശ്ചിത സമയപരിധി നിശ്ചയിച്ചുനൽകിയിട്ടുണ്ട്.

റീഫണ്ട് അപേക്ഷകളുടെ കാര്യത്തിൽ ഇത് അപേക്ഷ ലഭിച്ച് 60 ദിവസത്തിനുള്ളിൽ നികുതിദായകന് ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ അപേക്ഷപ്രകാരം യോഗ്യമായ തുക ക്രെഡിറ്റ് ചെയ്യ ലഭിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്.

(ഡി) ഓരോ ജില്ലയിലും നികുതിദായക സഹായകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

<u>മറുപടി:</u> നിലവിൽ നികുതിദായകരുടെ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി എല്ലാ നികുതി ജില്ലാ ആസ്ഥാനങ്ങളിലും 'ജി.എസ്.ടി ഫെസിലിറ്റേഷൻ സെന്ററുകൾ' പ്രവർത്തിക്കുന്നുണ്ട്.

നികുതിദായകർക്ക് നേരിട്ടോ ഫോൺ മുഖേനയോ സംശയങ്ങൾക്കും പരാതികൾക്കും പരിഹാരം തേടാവുന്നതാണ്

(ഇ) ചായ, കോഫി, ദോശ, തുടങ്ങിയ മലയാളികളുടെ സാധാരണ ഭക്ഷ്യസാധനങ്ങളുടെ മേൽ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഈടാക്കുന്ന ഭീമമായ ജി.എസ്.ടി. കുറയ്ക്കാൻ കേന്ദ്രത്തിനോട് ആവശ്യപ്പെടുമോ?

<u>മറുപടി:</u> 56-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ, ജി.എസ്.ടി. നിരക്കുകൾ ഏകീകരിക്കുവാൻ തീരുമാനിക്കുകയും ആയത് 2025 സെപ്തംബർ 22 ന് നടപ്പിൽ വരികയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം, 5%, 12%, 18% എന്നീ വിവിധ നിരക്കുകളിൽ ഉൾപ്പെട്ടിരുന്ന ഒട്ടുമിക്ക ഭക്ഷണ സാധനങ്ങളുടെയും നികുതിനിരക്ക് 5 ശതമാനമായി നിജപ്പെടുത്തുകയുണ്ടായി. മേല്പറഞ്ഞ വിഭവങ്ങൾ ആയത് ഒരു റെസ്റ്റോറന്റ് വഴിയാണ് വിതരണം ചെയ്യുന്നത് എങ്കിൽ അതിന് മുൻപും ഇപ്പോഴും 5% നികുതി മാത്രമാണ് ബാധകമായിരുന്നത്. എന്നാൽ പ്രസ്തുത റെസ്റ്റോറന്റ് സേവനം നൽകുന്നത് ഒരു Specified Premises (ഒരു ദിവസം 7500 രൂപയിൽ കൂടുതൽ റൂമിന് വാടക ഈടാക്കുന്ന

ഹോട്ടലിനൊപ്പം സ്ഥിതിചെയ്യുന്ന റെസ്റ്റോറന്റ്) ൽ കൂടിയാണ് എങ്കിൽ അതിന് നിലവിൽ 18% നികുതി ബാധകമാണ്.

സെക്ഷൻ ഓഫീസർ